# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

| | |
|---|---|
| വിഷയം: | ആ.വ.ഡ - ജീവനക്കാര്യം -പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്ക് ആശുപത്രിയിലെ റേഡിയോഗ്രാഫർ ഗ്രേഡ് II ആയ ശ്രീ. അനീഷ്കുമാർ എം.എസ് സർവീസിൽ നിന്നും അനധികൃതമായി വിട്ടുനിൽക്കുന്നതിനാൽ സർവീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. |
| പരാമർശം: | 1) ഉത്തരവ് നം. EF3/12885/2019/DHS തീയതി:-20.10.2020<br>2) പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസറുടെ ഉത്തരവ് നം. A2/874/2016/DMOHPKD തീയതി:-02.11.2020<br>3) ഉത്തരവ് നം. EF3-15632/2021/DHS തീയതി:- 31.03.2021<br>4) പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസറുടെ കത്ത്. നം. എ6/11099/2021 തീയതി:- 05.08.2021 &10.01.2023<br>5 ) 03.07.2022 തീയതിയിലെ EF3-61954/2021/DHS നം. കാരണം കാണിക്കൽ നോട്ടീസ്<br>6 ) ശ്രീ. അനീഷ് കുമാർ എം.എസ് കാരണം കാണിക്കൽ നോട്ടീസിനു നൽകിയ മറുപടി. |

**ഉത്തരവ് നം. DHS/11824/2023-EF3 തീയതി: 04-03-2026**

ശ്രീ. അനീഷ്കുമാർ എം.എസ്, റേഡിയോഗ്രാഫർ ഗ്രേഡ് II പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ 02.11.2020 പൂർവ്വാഹ്നത്തിൽ ജോലിയിൽ പ്രവേശിച്ചു. ടിയാൾ 15.02.2021 മുതൽ 5 വർഷത്തേക്ക് വിദേശത്ത് ജോലി ചെയ്യുന്നതിനായി ശൂന്യവേതനാവധിക്ക് അപേക്ഷിക്കുകയും പരാമർശം (3) പ്രകാരം 5 വർഷത്തെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുകയും ചെയ്തു.

16.11.2020 മുതൽ 15.03.2021 വരെ 120 ദിവസത്തേക്ക് സ്വകാര്യ ആവശ്യങ്ങൾക്ക് ശൂന്യവേതനാവധി എടുത്ത ശ്രീ.അനീഷ്കുമാർ എം.എസ് സർക്കാരിന്റെ അനുമതി ഇല്ലാതെ വിദേശത്തു പോകുകയുണ്ടായി. ടി അവധിയുടെ കാലാവധി അവസാനിച്ചിട്ടും ടിയാൾ തിരികെ ജോലിയിൽ പ്രവേശിക്കുകയോ, 31.03.2021 നു KSR Part I Appendix XII A പ്രകാരം അനുവദിച്ച 5 വർഷത്തെ ശൂന്യതനാവധിയുത്തരവ് കൈപ്പറ്റി ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയോ ചെയ്തിട്ടില്ല.

ശ്രീ. അനീഷ്കുമാർ എം.എസ്-ന്റെ അനധികൃതാവധി നിശ്ചിത പ്രൊഫോർമയിൽ പരാമർശം (4) പ്രകാരം പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ വർക്ക് & കണ്ടക്ട് (Work&Conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിനു കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിനു പരാമർശം (5) പ്രകാരം നോട്ടീസ് അയക്കുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിനു പരാമർശം (6) പ്രകാരം സമർപ്പിച്ച മറുപടിയിൽ മേൽ പ്രവൃത്തികളെ ന്യായീകരിക്കത്തക്ക യാതൊന്നും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷനർ ആയ ശ്രീ.

അനീഷ്കുമാർ എം.എസ്- ന്റെ വർക്ക് & കണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

ഈ സാഹചര്യത്തിൽ സർവീസിൽ നിന്നും അനധികൃതമായി വിട്ടുനിൽക്കുന്ന ശ്രീ. അനീഷ്കുമാർ എം.എസ്- നെ കെ.എസ് & എസ്.എസ്.ആർ ലെ ചട്ടം 19 ലെ ഉപഖണ്ഡിക II ലെ വ്യവസ്ഥകൾ പ്രകാരം പ്രൊബേഷൻ അവസാനിപ്പിച്ച് സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിന് പരാമർശം (5) പ്രകാരം സ്വീകരിച്ച താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി, ടിയാൾ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്ന 16.03.2021 തീയതി പ്രാബല്യത്തിൽ തന്നെ ടിയാളെ സർവീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവാകുന്നു.

Digitally signed by
Reena K J
Date: 04-03-2026
11:01:23

**Dr REENA K J**
**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

ശ്രീ.അനീഷ്കുമാർ എം.എസ്
**Mundaplakkal House, Ayroor North P.O**
**Pathanamthitta, Pin:-689612**

പകർപ്പ്,

1. ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം), പാലക്കാട്
2. സൂപ്രണ്ട്, പട്ടാമ്പി താലൂക്ക് ആസ്ഥാന ആശുപത്രി, പാലക്കാട്
3. സീനിയർ സൂപ്രണ്ട്, ഇ.സി സെക്ഷൻ.
4. ഫയൽ/കരുതൽ ഫയൽ